**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1528** **19-06-2024 - ൽ മറുപടിയ്ക്ക്**

**കേടുപറ്റിയ കെട്ടിടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ മൂക്കന്നൂർ, തുറവൂർ, കറുകുറ്റി വില്ലേജ് പരിധിയിൽ 03.05.2024-ന് അങ്കമാലി പോലീസ് വെടിമരുന്ന് നിർവ്വീര്യമാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ പൊട്ടിത്തെറിയിൽ കേടുപറ്റിയ കെട്ടിടങ്ങളുടേയും വസ്തുവകകളുടെയും നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര വീടുകൾക്കാണ് നഷ്ടം സംഭവിച്ചതെന്നും എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായതെന്നുമുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | തുറവൂർ വില്ലേജിൽ മഞ്ഞിക്കാട് ശ്രീ. പി.വി.ജോർജിന്റെ ഉടമസ്ഥതയിലുള്ള പാറമടയിൽ 03/05/2024-ാം തീയതിയിൽ എക്സ്പ്ലോസീവ് വസ്തുക്കൾ നിർവീര്യമാക്കാൻ നടത്തിയ പ്രവർത്തനത്തിൽ മൂക്കന്നൂർ വില്ലേജിലെ 21 വീടുകൾക്കും, തുറവൂർ വില്ലേജിലെ 9 വീടുകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുള്ളതാണ്. ടി വീട്ടുടമസ്ഥർ സമപ്പിച്ച അപേക്ഷയിൻമേൽ പഞ്ചായത്ത്, വില്ലേജ് ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. നാശനഷ്ടം സംഭവിച്ച വീടുകളുടെ നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനു തദ്ദേശസ്വയംഭരണ വകുപ്പ് അധികാരികൾക്കു ജില്ലയിൽ നിന്നും അപേക്ഷകരുടെ ലിസ്റ്റ് സഹിതം ലഭ്യമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ വീടുകളുടെ നാശനഷ്ടം തിട്ടപ്പെടുത്തിയ റിപ്പോർട്ട് തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്നും ഇതുവരെ എറണാകുളം ജില്ലാ കളക്ടർക്ക് ലഭ്യമായിട്ടില്ല. |
| (ബി) | ഇത്തരത്തിൽ നഷ്ടം നേരിട്ടവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ? | (ബി) | നാശനഷ്ടം സംഭവിച്ച വീടുകളുടെ നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനു തദ്ദേശ സ്വയംഭരണ അധികാരികളിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ലത്തതിനാൽ, ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നഷ്ടപരിഹാരം നൽകുന്ന വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ